# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2471 01.04.2013-ൽ മറുപടിക്ക്**

**കുടിവെള്ള ലഭ്യതയുംഗുണനിലവാരവും**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.കെ. വിജയൻ | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കിണറുകളിലെയും മറ്റ് കുടിവെള്ള സ്രോതസ്സുകളിലെയും ജലത്തിന്റെ ഗുണനിലവാരം കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ശുദ്ധ ജലത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കമോ ; | (ബി) കേരള ജല അതോറിറ്റിയുടെ കീഴിൽ ജല ശുദ്ധീകരണ ശാലകൾ സ്ഥാപിച്ച് അതു വഴി ശുദ്ധീകരിക്കുന്ന ജലമാണ് വിതരണം ചെയ്യുന്നത്. ജല ശുദ്ധീകരണ ശാലകളില്ലാത്ത ചെറുകിട പദ്ധതികളിൽ ഇൻഫിൽ ട്രേഷൻ ഗ്യാലറി വഴിയാണ് ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നത്. വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉല്പാദനത്തിന്റെയും വിതരണത്തിന്റെയും വിവിധ ഘട്ടങ്ങളിൽ പരിശോധിച്ച് ഉറപ്പ് വരുത്തുന്നുണ്ട്. |

| | |
|---|---|
| (സി) കുടിവെള്ള ലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള കിണർ റീ ചാർജ്ജിംഗ് സംവിധാനത്തിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | (സി) ഉണ്ട്. മഴവെള്ളം ശേഖരിച്ച് ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി ഭൂജല വകുപ്പ് നടപ്പിലാക്കി വരുന്നു. നടപ്പ സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൃത്രിമ ഭൂജല സംപോഷണം നടപ്പിലാക്കുവാനായി മഴക്കുഴികൾ, അടിയണകൾ, തടയണ കൾ മുതലായവ നിർമ്മിക്കുന്നു. കിണറുകൾക്ക് ചുറ്റും ആഴം കുറഞ്ഞ കിടങ്ങുകൾ നിർമ്മിച്ച് അതിലൂടെ തുറന്ന കിണറുകൾ പരിപോഷിപ്പി ക്കുകയും ചെയ്യുന്നു. കേന്ദ്ര ഭൂജല അതോറിറ്റിയുമായി ചേർന്ന് ഭൂജല വകുപ്പ് സംസ്ഥാനത്തെ ഭൂജല സ്രോതസ്സിനെപ്പറ്റി നിശ്ചിത കാലയള വിൽ പഠനം നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ